<u>ക്രമപ്രശ്നം</u>

## എസ്.എസ്.എൽ.സി. ഐ.റ്റി. പരീക്ഷാചോദ്യപ്പേപ്പർ അച്ചടി

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടി സംബന്ധിച്ച ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. 2015 മാർച്ച് മാസം നടന്ന എസ്.എസ്എൽ.സി. പരീക്ഷയുടെ ഇൻഫർമേഷൻ ടെക്നോളജി വിഷയത്തിലെ പരീക്ഷ (ന്യൂ സ്കീം) ഓൺലൈനായിട്ടാണ് നടത്തിയത്. ഇതിനുള്ള ചോദ്യപേപ്പർ അച്ചടിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയത്. പരീക്ഷാ സെക്രട്ടറി ഒപ്പിട്ടുനൽകിയ രേഖയിൽ പറഞ്ഞിട്ടുള്ളത് ഈ പരീക്ഷയ്ക്കായി 6 ലക്ഷത്തിലേറെ ചോദ്യപേപ്പർ അച്ചടിച്ചതായിട്ടാണ്. പേപ്പറുകളുടെ ബിൽ പ്രിന്റിംഗ് പ്രസ്സ് പരീക്ഷാഭവന് കൈമാറിയിട്ടുമുണ്ട്. ഓൾഡ് സ്കീമിലെ കുട്ടികൾക്ക് മാത്രമാണ് ചോദ്യപേപ്പർ അച്ചടിച്ച് നൽകിയതെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്, അത് വെറും 91540 ചോദ്യപേപ്പറുകൾ മാത്രമാണ്. ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് ഇതിലൂടെ നടന്നിട്ടുണ്ട്. ഓൺലൈനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ അനാവശ്യമായി അച്ചടിച്ചത് പരീക്ഷയുടെ ഗൗരവസ്വഭാവവും രഹസ്യസ്വഭാവവും

നഷ്ടപ്പെടുത്തുന്നത് മാത്രമാണ്. അഴിമതിയും കെടുകാര്യസ്ഥതയും മൂടിവച്ച് സഭയിൽ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ മറുപടിയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി നിജഃസ്ഥിതി സഭയെ അറിയിക്കാനും തെറ്റുകൾ തിരുത്താനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ വിഷയം ക്രമപ്രശ്നമായി ഉന്നയിക്കുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത് ചട്ടം 303 പ്രകാരമാണ്. 303 പ്രകാരം ഉന്നയിക്കുന്ന ക്രമപ്രശ്നം, നിയമസഭാ ചട്ടങ്ങളുടെയോ ഭരണഘടനയിൽ സഭയുടെ കാര്യനിർവ്വഹണം ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടെയോ വ്യാഖ്യാനത്തേയോ നടപ്പാക്കലിനേയോ സംബന്ധിച്ചുള്ളതോ ആയിരിക്കണം. ഒരു മന്ത്രിയോ അംഗമോ നടത്തിയ പ്രസ്താവനയിലെ തെറ്റ് ചൂണ്ടിക്കാണിക്കാനുള്ള നടപടിക്രമങ്ങളിലെ ഡയറക്ഷൻ നമ്പർ 1(എ) യിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമാണ് സഭയിൽ ഉന്നയിക്കേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ ഏതെങ്കിലും വിധത്തിലുള്ള പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന് അത് തിരുത്താനുള്ള അവസരമുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ തെറ്റ് വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അത് തിരുത്തുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മറുപടി വ്യക്തമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി തിരുത്തുമെന്നാണ് പറഞ്ഞത്. അദ്ദേഹം അത് പരിശോധിക്കും.

ശ്രീ. മാത്യു റ്റി. തോമസ്: തെറ്റ് വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അങ്ങനെയല്ലല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ക്രമപ്രശ്നം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങേയ്ക്ക് നേരത്തെ എഴുതി നൽകിയതാണ്. അങ്ങ് ആ നോട്ടീസ് മന്ത്രിക്ക് കൊടുത്തിട്ടുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി അത് നേരത്തെ മനസ്സിലാക്കി സഭയിൽ പറയണ്ടേ, തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ തിരുത്താമെന്ന് പറഞ്ഞാൽ മതിയോ? ബഹുമാനപ്പെട്ട സ്പീക്കർ നോട്ടീസ് കൊടുത്തപ്പോൾ ഡിപ്പാർട്ട്മെന്റ് വഴി എന്താണ് വസ്തുതയെന്ന് മനസ്സിലാക്കി ഈ സഭയിൽ ഉത്തരം പറയാനുള്ള ബാദ്ധ്യത മന്ത്രിക്കുണ്ട്. ഈ നിയമസഭയെ ഇങ്ങനെ മോക്കറിയാക്കി മാറ്റാമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അത് വ്യക്തമായി പരിശോധിക്കും. തെറ്റ്

സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തുകയും ചെയ്യും.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, സമാനമായ ഒരു കാര്യത്തിൽ; തെറ്റായി മറുപടി നൽകിയപ്പോൾ ഞാൻ ഉന്നയിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി ഇതുവരെയും മറുപടി നൽകിയിട്ടില്ല. നാളെ സഭ അവസാനിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ, ഒരു ക്രമപ്രശ്നത്തെ സംബന്ധിച്ച് ഇങ്ങനെ പോകരുത്. സഭയിൽ നൽകുന്ന ഉത്തരത്തിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്താനുള്ള അവസരം ബഹുമാനപ്പെട്ട മന്ത്രിമാർക്കുണ്ട്. മന്ത്രി അത് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തുമെന്ന് പറഞ്ഞുകഴിഞ്ഞു......(ബഹളം)...... തന്നിട്ടുള്ളതിലെല്ലാം ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി കിട്ടിക്കഴിഞ്ഞാൽ നാളെ തന്നെ എടുക്കും, ഒരു സംശയവും വേണ്ട.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അബ്കാരി ആക്ടുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള എസ്.ആർ.ഒ.-കളിൽ വന്നിട്ടുള്ള ചില പിശകുകൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഭേദഗതികൾ വച്ചിട്ടുള്ളത്. എസ്.ആർ.ഒ. .......

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ, അങ്ങയെ ഇപ്പോൾ വിളിച്ചത് ക്രമപ്രശ്നം ഉന്നയിക്കാനാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്രമപ്രശ്നമെന്നു പറഞ്ഞില്ല, വിളിച്ച സ്ഥിതിക്ക് ഇത് കംപ്ലീറ്റ് ചെയ്യാം.

ശ്രീ. എ. കെ. ബാലൻ: ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന കഴിഞ്ഞിട്ടാണ് ചട്ടങ്ങളുടെ ഭേദഗതി പരിഗണനയ്ക്കെടുക്കേണ്ടത്. അജണ്ടയിൽ വന്നിരിക്കുന്നത് അങ്ങനെയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അബ്കാരി ആക്ടുമായി ബന്ധപ്പെട്ട് രണ്ട് എസ്.ആർ.ഒ.കളിൽ വന്നിട്ടുള്ള ചില പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ഭേദഗതി വച്ചിട്ടുള്ളത്. എസ്.ആർ.ഒ. നം. 187/15- In exercise of the powers conferred by Sections 18A, 24 and 29 of the Abkari Act എന്നാണ്. മറ്റ് കാര്യങ്ങളൊന്നും വായിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ ഇപ്പോൾ അങ്ങയെ വിളിച്ചത് S.R.O. No. 218/11 അവതരിപ്പിക്കാനാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അത് പറഞ്ഞിട്ടില്ല. ഇന്നത്തെ അജണ്ടയിൽ അടിച്ചുവന്നത് ഇതാണ്. മറ്റേതുകൂടി പറയാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ, അച്ചടിച്ചുതന്നിരിക്കുന്നതിൽ ഐറ്റം 9-ൽ ക്രമപ്രശ്നം രണ്ടെണ്ണമുണ്ട്. ഒന്ന്, ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവിന്റെയും രണ്ട്, ശ്രീ. എൻ. ഷംസുദ്ദീന്റെയുമാണ്. അതിൽ പ്രതിപക്ഷ നേതാവിനെ വിളിച്ചുകഴിഞ്ഞാൽ അടുത്ത ഐറ്റം 10-ലാണ് ചട്ടം 300 അനുസരിച്ചുള്ള ക്രമപ്രശ്നം. സാധാരണ ക്രമപ്രശ്നമൊന്നും അജണ്ടയിൽ വരാറില്ല. ക്രമപ്രശ്നം അല്ലാതെ ചേർക്കുന്നതാണ്. ചട്ടം 300 വരും. ക്രമപ്രശ്നം ഉന്നയിക്കുന്നതിനായി പ്രതിപക്ഷ നേതാവിനെ വിളിച്ചില്ലേ.

ശ്രീ. എൻ. ഷംസുദ്ദീൻ: റൂൾ 303 പ്രകാരം ഞാൻ കൊടുത്തിട്ടുള്ളത് S.R.O. No. 218/2011, S.R.O. No. 510/2011 എന്നിവ 29.06.2015 നാണ് സഭയുടെ മേശപ്പുറത്ത് അംഗങ്ങൾക്ക് ലഭ്യമാക്കിയത്. ഈ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് 2011 മാർച്ച് 16-നും 2011 ആഗസ്റ്റ് 20-നുമാണ്. ഇതിൽ S.R.O. No. 510/11-ാം നമ്പർ വിജ്ഞാപനം കേന്ദ്ര സർക്കാർ നടത്തിയ 2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസിനെ സംബന്ധിച്ചുള്ളതാണ്. സെൻസസ് പൂർത്തിയായി റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമാണ് ഇതുസംബന്ധിച്ച വിജ്ഞാപനം അംഗങ്ങൾക്ക് ലഭിക്കുന്നത്. ഇത് വലിയ ഡിലേയാണ്. അതുപോലെതന്നെ ഇതിലെ മറ്റൊരു സംഗതിയുള്ളത് 218/11, ഇത് നമ്മുടെ സംസ്ഥാനത്തെ പുതിയ ഓംബുഡ്സ്മാനെ നിയമിച്ചതുമായി ബന്ധപ്പെട്ട വിജ്ഞാപനമാണ്. ഈ വിജ്ഞാപനവും അംഗങ്ങൾക്ക് കിട്ടുന്നത് 29.06.2015-നാണ്. പക്ഷേ, പുതിയ

ഓംബുഡ്സ്മാൻ വന്ന് അദ്ദേഹത്തിന്റെ കാലാവധി തീരേണ്ട സമയമായപ്പോഴാണ് ഇത് ലഭിക്കുന്നത്. ഈ രണ്ട് വിഷയത്തിലും വളരെയധികം ഡിലേയാണ്, അംഗങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം കൂടിയാണിത്. സമയാസമയത്ത് അറിയുകയെന്നുള്ളത് നിയമസഭാസാമാജികരുടെ പ്രിവിലേജും അവകാശവുമായി ബന്ധപ്പെട്ടതാണ്. നീതീകരിക്കാനാവാത്ത കാലതാമസം ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണം.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം ചെയർ വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ രണ്ട് വിജ്ഞാപനങ്ങളും യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് അടക്കമാണ് സഭയുടെ മേശപ്പുറത്ത് 29.06.2015-ൽ പ്രസ്തുത നോട്ടിഫിക്കേഷനുകൾ വച്ചിട്ടുള്ളത്. ഈ വിജ്ഞാപനങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ വളരെയധികം കാലതാമസം വന്നിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. നിയമസഭാചട്ടം 259 (b) പ്രകാരം ഏതെങ്കിലും കടലാസ് മേശപ്പുറത്ത് വയ്ക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായോയെന്നും അങ്ങനെ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള കാരണങ്ങൾ തൃപ്തികരമാണോയെന്നും പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള

അധികാരം മേശപ്പുറത്തുവച്ച് കടലാസുകൾ സംബന്ധിച്ച സമിതിയിൽ നിക്ഷിപ്തമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചിട്ടുള്ള വിഷയം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ധനകാര്യത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് Rule- 8 അനുസരിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. നമ്മുടെ സഭയ്ക്ക് സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറുമുണ്ട്. Rule-8 ഡെപ്യൂട്ടി സ്പീക്കറെ സംബന്ധിച്ചുള്ളതാണ്. മൂന്ന് മാസത്തിലധികമായി ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. നാളെ സഭയുടെ സമ്മേളനം അവസാനിക്കുവാൻ പോകുകയാണ്. ഇങ്ങനെയൊരു സ്ഥിതിവിശേഷം കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഇത് ചട്ട വിരുദ്ധമാണ്. ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കാത്തത് എന്തുകൊണ്ടാണ്? ഒരു ഭരണഘടനാ സ്ഥാപനത്തെ ഇല്ലാതാക്കിയിരിക്കുകയാണ്. യു.ഡി.എഫ്.-ലുള്ള അഭിപ്രായ വ്യത്യാസം കാരണം ഈ സീറ്റ് വേക്കന്റായി കിടക്കുകയാണ്. പ്രതിപക്ഷ നേതാവിന്റെ അപ്പുറത്ത് ഡെപ്യൂട്ടി സ്പീക്കർ എപ്പോഴും വന്നിരിക്കുന്നതാണ്. അങ്ങ് ഇവിടെ ഇരുന്നപ്പോൾ ഒരു അലങ്കാരമായിരുന്നു, ഇപ്പോൾ ഇവിടെ ആളില്ല.

മി. സ്പീക്കർ: അങ്ങയുടെ പരാമർശത്തിന് പ്രത്യേകം നന്ദി.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അതുകൊണ്ട് ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പുണ്ടോ; നാളെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വേണ്ടെന്നുവച്ചോ? എന്താണ് നിലപാടെന്നുള്ളത് വ്യക്തമാക്കണം. ഈ സഭയ്ക്ക് അറിയണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അങ്ങനെ സ്ഥിരമായി ഒഴിഞ്ഞുകിടക്കില്ല. അതിന്റെ സമയത്തുതന്നെ തെരഞ്ഞെടുപ്പ് നടക്കും. അങ്ങ് അത് ഓർത്ത് വിഷമിക്കരുത്. കാരണം നിങ്ങൾക്കുതന്നെ ധാരാളം പ്രശ്നങ്ങളുണ്ട്. അക്കൂട്ടത്തിൽ ഞങ്ങളുടെ കാര്യവുംകൂടി ഓർത്ത് പ്രത്യേകം ദു:ഖിക്കരുത്. ശ്രീ. എൻ. ശക്തൻ ആ സീറ്റിൽ ഇരുന്നപ്പോൾ അങ്ങേയ്ക്ക് നേരിട്ട് കാണാൻ കഴിയില്ലായിരുന്നു. ഇപ്പോൾ അങ്ങേയ്ക്ക് നേരിട്ട് കാണാം. അതുകൊണ്ട് അത് കൂടുതൽ ഐശ്വര്യമായിരിക്കും.

<u>മി. സ്പീക്കർ</u>: ഒരു കാര്യം ചെയർ പ്രത്യേകം എടുത്തുപറയുന്നു. ഇന്നലത്തെ ബിസിനസ്സുംകൂടി ഇന്നത്തെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇന്ന് വളരെയധികം സമയം നമുക്കാവശ്യമുണ്ട്. ധനകാര്യം കഴിഞ്ഞതിനുശേഷം രണ്ട് ബില്ലുകളുണ്ട്. അതുകൊണ്ട് സംസാരിക്കുന്ന അംഗങ്ങൾ വളരെ ചുരുക്കി സംസാരിക്കണമെന്ന് ചെയർ പ്രത്യേകം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട

അംഗങ്ങൾക്കും മാദ്ധ്യമ പ്രവർത്തകർക്കും ഉച്ചഭക്ഷണത്തിനും വൈകുന്നേരത്തെ ചായയ്ക്കുമുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അത് പ്രത്യേകം അറിയിക്കുന്നു.